**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **13-10-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നശിക്കുന്നതിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ(കൈ) നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം അനുവദിച്ച് വരുന്നുണ്ട്. നിലവിൽ 05.04.2018-ലെ. സ.ഉ.(കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകിവരുന്നു. ഇപ്രകാരമുള്ള നഷ്ടപരിഹാരം ഒരാൾക്ക് ഒരു വർഷത്തിൽ നാല് തവണമാത്രമേ അനുവദിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ